## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6033** **09-07-2024 - ൽ മറുപടിയ്ക്ക്**

## മംഗലാപുരം -കൊച്ചി പ്രകൃതി വാതക ലൈൻ രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മംഗലാപുരം-കൊച്ചി പ്രകൃതി വാതകലൈൻ രൂപീകരിച്ചതിനെത്തുടർന്ന് വീട്ടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എന്നു മുതൽ നൽകാൻ കഴിയുമെന്നും, എപ്പോൾ മുതൽ വ്യവസായ വാണിജ്യസ്ഥാപനങ്ങൾക്കുള്ള ഇന്ധനമായി നൽകുവാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനത്തിനാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ PNGRB യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ 2016 മുതലും, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 2022 മുതലും, തൃശ്ശൂർ ജില്ലയിൽ 2023 മുതലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ 2018 മുതലും, പാലക്കാട് ജില്ലയിൽ 2022 മുതലും, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ 2023 മുതലും, മലപ്പുറം ജില്ലയിൽ 2024 മുതലും തല്പരരായ വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിൽ പ്രകൃതി വാതകം നൽകി തുടങ്ങിയിട്ടുണ്ട്.<br><br>എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ PNGRB യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിയിൽ നിന്നും ദ്രവീകൃത പ്രകൃതി വാതകം റോഡ് മാർഗ്ഗം കൊണ്ടുവന്ന് തിരുവനന്തപുരത്തെയും ചേർത്തലയിലുമുള്ള പ്ലാന്റിൽ എത്തിച്ച് വാതകം ആക്കി പൈപ്പ് ലൈനിലൂടെ വാണിജ്യ, ഗാർഹിക ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. കൂടാതെ വ്യാവസായിക ആവശ്യത്തിന് ദ്രവീകൃത പ്രകൃതി വാതകം നേരിട്ട് നൽകുന്നുമുണ്ട്.<br><br>പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | | | PNGRB യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത് ഷോളഗാസ്കോ ലിമിറ്റഡിനാണ്.<br><br>കോട്ടയം ജില്ലയിൽ 2024 ഫെബ്രുവരി മാസം മുതൽ സി.എൻ.ജി വിതരണം ആരംഭിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണം ചെയ്തു തുടങ്ങുന്നതാണ്. |
| (ബി) | ഗെയ്ൽ പൈപ് ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം കോർപ്പറേഷനിൽ 24 വാർഡുകളിലും അണ്ടൂർക്കോണം, മംഗലപുരം പഞ്ചായത്തുകളിലും ഗ്യാസ് വിതരണം നടത്തി വരുന്നു.<br><br>ആലപ്പുഴ ജില്ലയിലെ വയലാർ, കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, മണ്ണഞ്ചേരി ആര്യാട് പഞ്ചായത്തുകളിലും ചേർത്തല മുനിസിപ്പാലിറ്റിയിലും ഗ്യാസ് വിതരണം നടത്തി വരുന്നു<br><br>കോട്ടയം മുനിസിപ്പാലിറ്റിയിൽ പി.എൻ.ജി വിതരണം ഉടൻ തന്നെ തുടങ്ങുന്നതാണ്.<br><br>എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളായ കളമശ്ശേരി, തൃക്കാക്കര, മരട് താലൂക്കുകളായ കുന്നത്തുനാട്, ആലുവ, പറവൂർ എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. തൃപ്പൂണിത്തുറ, ആലുവ എന്നീ മുനിസിപ്പാലിറ്റിയിലും സിറ്റി ഗ്യാസ് പദ്ധതിക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിൽ കുന്നംകുളം മുനിസിപ്പാലിറ്റി, ചോവന്നൂർ പഞ്ചായത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റി, ചാവക്കാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ വർക്കുകൾ പുരോഗമിക്കുന്നു.<br><br>പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലും, പുതുശ്ശേരി പഞ്ചായത്തിലും സിറ്റി ഗ്യാസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് മുനിസിപ്പാലിറ്റിയിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ വർക്കുകൾ പുരോഗമിക്കുന്നു.<br><br>കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, നന്മിണ്ട, കിഴക്കോത്ത് എന്നീ പഞ്ചായത്തുകളിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നരിക്കുനി, കക്കൂര് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തത്ഫലമായി ഉടൻ തന്നെ ഗാർഹിക കണക്ഷനുകളും ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപ്പറേഷനിലും, പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി എന്നിവിടങ്ങളിൽ ഗാർഹിക കണക്ഷനുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലും, അജാനൂർ പഞ്ചായത്തിലും പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>മലപ്പുറം ജില്ലയിലെ മുനിസിപ്പാലിറ്റികളായ മലപ്പുറം, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിയിലും എടരിക്കോട്, പറപ്പൂർ പഞ്ചായത്തിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളതെന്നും എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ, തൃശ്ശൂർ - കുന്നംകുളം റോഡിൽ മെയിൻ സ്റ്റീൽ പൈപ്പ് ലൈൻ ഇടുന്ന പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നവംബർ മാസത്തോട്ടു കൂടി വീടുകളിലേക്കുള്ള ഗ്യാസ് കണക്ഷൻ നൽകി തുടങ്ങും. |
| (ഡി) | തൃശ്ശൂർ ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ? | (ഡി) | തൃശ്ശൂർ ജില്ലയിൽ നിലവിൽ 25 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. അടുത്ത ഒരു വർഷത്തിനുള്ളിൽ 10 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ കൂടി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ